ലക്കം 6

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## സൂര്യനെ അണിഞ്ഞോരു സ്ത്രീ

"സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി: സൂര്യനെ അണിഞ്ഞൊരു സ്ത്രീ; അവളുടെ കാൽക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ട് നക്ഷത്രം കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു. (വെളി. 12:1)

അപ്പോസ്തലനായ യോഹന്നാന് വിശേഷപ്പെട്ട ഈ സ്ത്രീയുടെ സ്വർഗ്ഗീയമായതും മഹത്വപൂർണ്ണവുമായ ഒരു ദർശനം കാണുവാൻ ഭാഗ്യം ലഭിച്ചു. വെളിപ്പാട് പുസ്തകത്തിൽ പരാമർശിച്ചിട്ടുള്ള ദർശനങ്ങൾക്ക് മിക്കവാറും അലങ്കാരിക ഭാഷാശൈലിയും, ആത്മീക പ്രാധാന്യതയുമുള്ള അർത്ഥവുമാണുള്ളത്. സത്യമോ, മിഥ്യോ എന്തു തന്നെയായാലും ഈ സ്ത്രീ ഒരു സഭയെയാണ് പ്രതീകാത്മകമായി പ്രതിനിധീകരിക്കുന്നത്. പ്രസ്തുത ദർശനത്തിൽ ഈ സ്ത്രീ സൂര്യനെ അണിഞ്ഞിരിക്കുന്നതായാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അപ്പൊസ്തോലിക സഭയുടെ മഹത്വത്തെയും പരിശുദ്ധിയേയുമാണ് ഈ സ്ത്രീ പ്രതിനിധീകരിക്കുന്നത്. ഭർത്താവിനോട് അവിശ്വസ്തത കാണിക്കുന്ന വേശ്യയായ സ്ത്രീ മുഖാന്തരം വിശ്വാസം ത്യജിക്കപ്പെട്ട സഭയോട് നേരിട്ട് താരതമ്യം ചെയ്യുന്നതായാണ് പിന്നീടുള്ള ദർശനങ്ങളിൽ നിന്നും വ്യക്തമാകുന്നത്.

പ്രസ്തുത ദർശനത്തിൽ ഈ സ്ത്രീയുടെ കാൽകീഴിൽ ചന്ദ്രനാണ്. ചന്ദ്രൻ സ്വയമായി പ്രകാശിക്കുന്നില്ല. സൂര്യനിൽ നിന്നും ലഭിക്കുന്ന വെളിച്ചം വളരെ കുറച്ച് മാത്രം പ്രതിഫലിക്കുകയാണ് ചന്ദ്രനിൽ. യഥാർത്ഥത്തിൽ വരാനുള്ള ആത്മീയ സത്യങ്ങളുടെ നിഴലായ പഴയനിയമ ഉടമ്പടിയുടെ പ്രതീകമായാണ് ചന്ദ്രൻ നിലകൊള്ളുന്നത്. (എബ്രാ. 10:1). പഴയ നിയമ ഉടമ്പടി ക്രിസ്തുവിലേക്ക് നമ്മെ കൊണ്ടുവരാനുള്ള ശിശുപാലകൻ മാത്രമായിരുന്നു. (ഗലാത്യ: 3:24–26)



### മഹത്വപൂർണ്ണമായ ദൈവസഭ

കുറെക്കൂടെ അഭികാമ്യമായ ഒന്ന് ഭാവിയിൽ വരാനുണ്ടെന്ന് സൂചിപ്പിക്കുകയാണിതു ചെയ്യുന്നത്.

"ന്യായപ്രമാണം മോശെമുഖാന്തരം ലഭിച്ചു. കൃപയും സത്യവും യേശുമുഖാന്തരം വന്നു."(യോഹ. 1:17)

സൂര്യപ്രഭ ധരിച്ചവളായിരുന്നു ആ സ്ത്രീ. നമ്മുടെ സൗരയൂഥത്തിലെ പ്രധാനപ്പെട്ട പ്രകാശ ഉറവിടമാണ് സൂര്യൻ. നഷ്ടപ്പെട്ട ഈ ലോകത്തേക്ക്, അതിമനോഹരമായ സൂര്യരശ്മികൾ, സത്യമായിവന്നു കൊണ്ടിരുന്നു. പുതിയനിയമ യുഗത്തിന്റെ ആത്മീക പ്രഭ വിതറിയ പ്രകാശ ഉറവിടമായിരുന്നു ക്രിസ്തു. സത്യത്തിന്റെ വെളിച്ചം പാപത്തെ വെളിപ്പെടുത്തുകയും നീതിയുടെയും വിജയത്തിന്റെയും വഴി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. യഥാർത്ഥ സഭ പരിശുദ്ധിയുടെ പ്രകാശം അണിയുകയും പഴയ നിയമ സഭയുടെ പ്രകാശത്തെ അതിജീവിക്കുകയും ചെയ്യുന്നു.

പന്ത്രണ്ട് നക്ഷത്രങ്ങളുള്ള ഒരു കിരീടം ആ സ്ത്രീയുടെ തലയിൽ ഉണ്ടായിരുന്നു. അധികാരത്തേയും ഭരണശക്തിയേയും പ്രതിനിദാനം ചെയ്യുന്നതാണ് കിരീടം. ദൈവസഭ പാപത്തിനും ലോകത്തിനും കീഴ്പ്പെടുകയോ അടിമപ്പെടുകയോ ഇല്ല, മറിച്ച് ഈ ലോകത്തിന്റെ എല്ലാ വാഴ്ചകളെയും ശത്രുവിന്റെ സകലബലത്തേയും കീഴ്പ്പെടുത്തി അതിന്മേൽ വിജയകൊടി പാറിപ്പിക്കുകയാണ് ചെയ്യുന്നത്.


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: ദൈവസഭ | ബൈബിൾപഠന ഉപപാഠം: ദൈവസഭ | ചോദ്യവും – ഉത്തരവും: എന്റെ സഭ സത്യം പഠിപ്പിക്കുന്നില്ല? | നിങ്ങൾക്കറിയാമോ? തക്കസമയത്തു പറഞ്ഞ വാക്ക്. |
| പേജ് 3 | പേജ് 4 | പേജ് 5 | പേജ് 7 | പേജ് 8 |

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

യോഹന്നാൻ അപ്പൊസ്തലൻ വളരെ മുമ്പ് തന്നെ ''ഏഴ് നക്ഷത്രങ്ങളുടെ'' ഒരു ദർശനം കണ്ടു. ഏഴ് നക്ഷത്രങ്ങളും ഏഴ് നിലവിളക്കുകളും (വെളി. 1:20). നക്ഷത്രങ്ങൾ എന്നത്, ഏഴ് സഭകളുടെ ശുശ്രൂഷകന്മാരും (ദൂതന്മാർ) ആകുന്നു. നക്ഷത്രങ്ങൾ പ്രതിനിധീകരിക്കുന്നത്, 'ദൂതന്മാർ' (അല്ലെങ്കിൽ ദൂതുവാഹകർ) എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് സഭയുടെ ശുശ്രൂഷകന്മാരെയാണ്. ഈ നഷ്ടപ്പെട്ട ലോകത്തിന് വേണ്ടിയുള്ള സുവിശേഷ സന്ദേശത്തെയാണ്, പന്ത്രണ്ട് നക്ഷത്രങ്ങളുള്ള സ്ത്രീയുടെ കിരീടം സൂചിപ്പിക്കുന്നത്. സത്യത്തിന്റെ വെളിച്ചത്തെ യഥാർത്ഥമായി ആരംഭകാലഘട്ടത്തിൽ പ്രസംഗിച്ചിരുന്ന പ്രധാനപ്പെട്ട പന്ത്രണ്ട് അപ്പൊസ്തലന്മാരാണ് പ്രമുഖന്മാരായിരുന്നവർ.''ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല. വിശുദ്ധന്മാരുടെ സഹപൗരന്മാരും, ദൈവത്തിന്റെ ഭവനക്കാരുമത്രെ. ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരുമെന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു'' (എഫെസ്യ. 2:19,20).

ആത്മീയ പരസംഗത്താലും ദുർന്നടപ്പിനാലും പലസഭകളും മതങ്ങളും മലിനപ്പെട്ട ഈ ലോകത്തിന് അനുരൂപപ്പെട്ടിരിക്കുകയാണിന്ന്. പൊതുവേ സഭകൾ, വിഗ്രഹാരാധനയും പാപപങ്കിലമായ തത്വചിന്തകളും ആചാരങ്ങളും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ലിഖിതമായ ദൈവവചനത്തെപ്പോലും വിറ്റുകളയുന്ന നിലയിലുള്ള വിശ്വാസശൈലിയാണിന്ന് കണ്ടുവരുന്നത്. മണവാളനായ യേശുക്രിസ്തുവുമായി യാതൊരു വിശ്വസ്തതയും പുലർത്താത്ത സഭാവിഭാഗങ്ങളാണിവയെല്ലാംതന്നെ.

ക്രിസ്തു എന്ന ഏകപുരുഷന് വേണ്ടി, നിർമ്മല കന്യകയായി ഏല്പിക്കപ്പെടുവാൻ ഒരുങ്ങിനിൽക്കുന്നവളാണ്, ദൈവത്തിന്റെ യഥാർത്ഥ സഭ. (2 കൊരി.11:2). ഇതാകുന്നു ദൈവേഷ്ടം. ''കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്ക് തന്നെ തേജസ്സോടെ മുൻനിർത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചുകൊടുത്തു'' (എഫെ:5:27). ഇത്തരത്തിലുള്ള മഹത്വപൂർണ്ണതയുള്ള ഒരു സഭയാണ് കർത്താവിനാവശ്യം. ദൈവവചനത്തിന്റെ മഹത്വമേറിയ വെളിച്ചത്തിൽ തങ്ങളെത്തന്നെ സൂക്ഷിച്ച് വിശുദ്ധിയോടും നിർമ്മലതയോടും ജീവിതം നയിക്കുന്ന ആത്മീയ സൗന്ദര്യമുള്ള കാന്തയെ ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

MWS

### ഗോസ്പൽ ട്രൂത്ത്

അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രൂസിതുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.

വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

### വരിക്കാരനാകാൻ

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospeltruth.org എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.

### ബന്ധപ്പെടുക

ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ. കൊട്ടാരക്കര - 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309



# പത്രാധിപലേഖനം

‘‘സീയോനെക്കുറിച്ച് ഞാൻ മിണ്ടാതിരിക്കയില്ല. യെരുശലേമിനെക്കുറിച്ച് ഞാൻ അടങ്ങിയിരിക്കയുമില്ല. അതിന്റെ നീതിപ്രകാശം പോലെയും അതിന്റെ രക്ഷ കത്തുന്ന വിളക്കുപോലെയും വിളങ്ങിവരുവോളം തന്നെ’’ (യെശയ്യാവ്.62:1).

‘സഭ’ എന്ന വിഷയമാണ് ഇത്തവണത്തെ നമ്മുടെ പ്രധാനപഠന വിഷയം. യഥാർത്ഥ സഭയുടെ മനോഹാരിത, സത്യസന്ധതയുള്ള ഏവർക്കും ദർശനമായി ലഭിച്ചിരുന്നെങ്കിൽ എന്നാണ് എന്റെ ഹൃദയവാഞ്ഛ. ക്രിസ്തു പഠിപ്പിച്ചതുപോലെ ‘‘ദിനം തോറും തന്റെ ക്രൂശ് എടുത്തുകൊണ്ട്’’ എന്ന ഉപദേശത്തിൽ ഭൂരിഭാഗം സഭാവിഭാഗങ്ങളും വെള്ളം ചേർത്തുകളഞ്ഞു എന്നതാണ് സത്യം. ക്രിസ്തുവിനെ സേവിക്കുക എന്നത് ഇടുക്കു വാതിലിലൂടെ, പരിശുദ്ധി കാത്തുസൂക്ഷിച്ചുകൊണ്ടുള്ള യാത്രയാണ്. ആ വഴി നമ്മെ ശക്തിയിലേക്കും, വിജയത്തിലേക്കും നയിക്കും. ‘ആത്മാവിലും സത്യത്തിലും’ ദൈവത്തെ ആരാധിക്കുവാനുള്ള വിടുതലും സ്വാതന്ത്ര്യവും നമുക്ക് അനുഭവവേദ്യമാക്കുന്നത് ദൈവസഭ എന്ന യാഥാർത്ഥ്യമാണ്.

മാനുഷീക സഭയുടെ ഭാഗമാണ് പലരുമിന്ന് എന്ന യാഥാർത്ഥ്യം. ഭൂരിഭാഗം ജനങ്ങളും തിരിച്ചറിയുന്നില്ല. എന്നാൽ തിരുവചനം പഠിച്ചാൽ ഇന്നത്തെ മിക്ക സഭകളും, ദൈവത്തിന്റെ സത്യസഭകളല്ല എന്നു വ്യക്തമാകും. തന്റെ സഭയെക്കുറിച്ച് ദൈവത്തിന് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്. അത് മാറ്റുവാനോ ആധുനീകരിക്കുവാനോ നമുക്കാവില്ല. ദൈവവചനത്തെ മാനദണ്ഡമാക്കുകയാണ് നമ്മുടെ വിളിയും ദൗത്യവും. ദൈവത്തിന്റെ സഭ സൗന്ദര്യവതിയും വിവേകമതിയുമാണ്. ആശയക്കുഴപ്പങ്ങൾ അതിന്റെ സങ്കീർണ്ണതകളുയർത്തി കാർമേഘപടലം സൃഷ്ടിക്കുമ്പോഴും സഭ, സീയോൻ പർവ്വതം പോലെ ഉയരംകൊണ്ട് മനോഹരിയായി എന്നും ഉയർന്ന് തന്നെ നിലകൊള്ളുന്നു.

മനുഷ്യനിർമ്മിത ഉപദേശസംഹിതകളിൽ നിന്നും മറ്റും സ്വാതന്ത്ര്യം പ്രാപിക്കുന്നതും പാപത്തിൽ നിന്നും വിടുതൽ ലഭിക്കുന്നതും ഒരു അനുഗ്രഹം തന്നെയാണ്. ആത്മീയസത്യങ്ങളെക്കുറിച്ചുള്ള അറിവ് മാത്രം പോരാ. കളങ്കമില്ലാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുവാനതക്കവണ്ണം, ക്രിസ്തുവിന്റെ ശരീരമായ സത്യസഭ, പ്രസ്തുത സത്യങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കപ്പെടുന്ന ഒരു ജീവിതമാകണം നയിക്കേണ്ടിയത്. ധാരാളം സഭകളിന്ന് ‘ദൈവസഭ’ എന്ന പേരിലറിയപ്പെടുന്നെങ്കിലും ആ പേര് മാത്രം മതിയാകില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതാണോ നേരെമറിച്ച് മനുഷ്യകരങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതാണോ? പ്രധാന ശുശ്രൂഷകന്റെ നിർദ്ദേശമാണോ അതോ ബൈബിളിന്റെ വിശ്വാസ നിയമമാണോ? അപ്രഖ്യാപിത പാരമ്പര്യ ശുശ്രൂഷയാണോ ക്രിസ്തുതന്നെ ശിരസായ ഒരു ശുശ്രൂഷയാണോ? നമ്മിൽ ജഡത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ‘മലമേലിരിക്കുന്ന പട്ടണം’ മറഞ്ഞിരിക്കാതെ നിറഞ്ഞു ശോഭിക്കുവാൻ സത്യ ദൈവസഭയ്ക്കു കഴിയുമാറാകട്ടെ!

നമ്മുടെ വിശ്വസ്തത കഴിഞ്ഞകാല ചരിത്രത്തിനോ അല്ലെങ്കിൽ പാരമ്പര്യ ജീവിതശൈലിയിലോ മാത്രം അധിഷ്ഠിതമല്ല. ‘ദൈവസഭ’യിൽ പോലും ധാരാളമാളുകൾ അങ്ങനെയുണ്ടാകാം. എന്തുകൊണ്ടെന്നാൽ അവരവർ തന്നെ വളർന്നുവന്ന വഴി അങ്ങനെയുള്ളതാകും. വാസ്തവത്തിൽ ദൈവസഭയിലുള്ളവർ തികെച്ചും ദൈവീകമായി മനസ്സു പുതുക്കി രൂപാന്തരം പ്രാപിച്ചവരാകണം. ദൈനംദിന ജീവിതത്തിലുള്ള നമ്മുടെ പ്രാവർത്തികമായ ജീവിതവിശുദ്ധിയിലും ദൈവത്തോടും ദൈവവചനത്തോടും നാം പുലർത്തുന്ന വിശ്വസ്തതയുമാണ് ദൈവം നോക്കുന്നത്.

ദൈവം അനുവദിച്ചാൽ, ഐക്യതയെക്കുറിച്ചും കൂട്ടായ്മയെക്കുറിച്ചുമൊക്കെ വരുന്ന പംക്തികളിൽ കൂടുതൽ പ്രതിപാദിക്കാം.

എന്റെ സ്നേഹിതാ വിശ്വസ്തനായിരിക്ക. നമ്മുടെ കർത്താവ് വേഗം വരുന്നു.

**മൈക്കിൾ ഡബ്ല്യൂ സ്മിത്ത്.**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

ഒരേ

ഒരു

ശരീരം

ആത്മാവ്

പ്രത്യാശ

കർത്താവ്

വിശ്വാസം

സ്നാനം

ദൈവം

പിതാവ്

ഉപദേശം

നാമം

എഫെസ്യ. 4:4 - 5
2 തിമൊ.3:16 - 17
എഫെസ്യ.3:14 - 15

# ബൈബിൾ പഠനസഹായി

വിഷയം: **ദൈവസഭ**

**വായനഭാഗം:** ...രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു. (അപ്പൊ. 2:47)

**രത്നചുരുക്കം:** വിശ്വാസത്തിന്റെ ദൈവവചനം നിയന്ത്രിക്കപ്പെടുന്നതും പരിശുദ്ധാത്മവിനാൽ നടത്തപ്പെടുന്നതും കർത്താവായ യേശുക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട ഒരു ദൈവീക സ്ഥാപനമാണ് - സഭ എന്നത്. വേദപുസ്തകാധിഷ്ഠിതമായ പാപത്തിൽ നിന്നും വിടുതൽ പ്രാപിക്കപ്പെട്ട എല്ലാ വിശ്വാസികളുടെയും കൂട്ടമാണ് സഭ.

**നിർവചനം:** 'വിളിച്ചുചേർക്കപ്പെട്ട കൂട്ടം' എന്നർത്ഥമുള്ള 'എക്ലീസ്സീയാ' എന്ന ഗ്രീക്ക് പദത്തിൽനിന്നുമാണ് 'സഭ' എന്ന വാക്ക് തന്നെ രൂപപ്പെട്ടിട്ടുള്ളത്.

I. **സ്ഥാപകനും നിർമ്മാതാവും**
   - A. മത്തായി. 16:15-18 ക്രിസ്തുവിനാൽ പണിയപ്പെട്ടു.
   - B. എബ്രായർ. 8:1-2 മനുഷ്യനിർമ്മിതമല്ല.

II. **അടിസ്ഥാനവും, വാതിലും - യേശു**
   - A. 1 കൊരി. 3:9-11. അടിസ്ഥാനം
   - B. എഫെസ്യ. 2:20. പ്രധാനപ്പെട്ട മൂലക്കല്ല്
   - C. യോഹന്നാൻ. 10:7-9 രക്ഷയ്ക്കായുള്ള ഏകവാതിൽ

III. **അംഗത്വം**
   - A. അപ്പൊ.2:46-47. രക്ഷിക്കപ്പെട്ട എല്ലാവരും
   - B. 1 കൊരി.1:2 വിശുദ്ധന്മാർ
   - C. 1 കൊരി. 12:18 ശരീരത്തിലെ അവയവങ്ങളെ ദൈവം തന്നെ നിയമിക്കുന്നു.

IV. **അംഗത്വഗ്രന്ഥം**
   - A. ലൂക്കോസ് 10:20 സ്വർഗ്ഗത്തിൽ പേർ എഴുതപ്പെട്ടിരിക്കുന്നു.
   - B. ഫിലിപ്പ്യർ. 4:3 ജീവപുസ്തകം (വെളി.20:12)

V. **ശിരസ്സ് - ക്രിസ്തു**
   - A. എഫെസ്യർ. 1:22 - എല്ലാറ്റിനും മീതേയുള്ള തല
   - B. എഫെസ്യർ. 5:23-24. സഭയുടെ തല (എഫെസ്യർ 4:15, 16)
   - C. കൊലൊസ്യ. 1:17-19. ശരീരത്തിന്റെ തല
   - D. യെശയ്യ. 33:20-22 ന്യായാധിപനും, നിയമദാതാവും

VI. **വിശ്വാസത്തിന്റെ ആധിപത്യം അഥവാ ഭരണം**
   - A. 2 തിമൊ - 3:16-17 എല്ലാ തിരുവെഴുത്തും
   - B. 2 പത്രൊ - 1:21 ദൈവീക പ്രചോദമുള്ളത്

VII. **സംഘടന**
   - A. 1 കൊരി 12:18, 27-28 അംഗങ്ങളെ ദൈവം നിയമിക്കുന്നു.
   - B. എഫെസ്യ. 4:10-13 ദൈവം വരങ്ങളെ നൽകുന്നു.
   - C. 2 കൊരി.3:5-6 ദൈവം ശുശ്രൂഷകരെ നിയോഗിക്കുന്നു.

VIII. **വചനപരമായ നാമം**
   - A. എഫെസ്യ. 3:14-15 പിതാവിന് ശേഷമുള്ള നാമം
   - B. അപ്പൊ. 20:28 ദൈവസഭയെ പോറ്റിപ്പുലർത്തുക
   - C. 2 കൊരി.1:1 കൊരിന്തിലെ ദൈവസഭ (1 തെസ്സ. 2:14)

IX. **ഏകസഭ**
   - A. റോമർ. 12:4-5 ക്രിസ്തുവിൽ ഒരു ശരീരം
   - B. എഫെസ്യ. 4:4-6. ഏക വിശ്വാസം
   - C. 1 കൊരി. 12: 12-14, 20 പല അവയവങ്ങൾ എന്നാൽ ശരീരം ഒന്ന്.

X. **സഭയെ കുറിച്ചുള്ള വിശദീകരണം**
   - A. എഫെസ്യ. 1:22-23 ക്രിസ്തുവിന്റെ ശരീരം
   - B. 2 കൊരി 11:2. ക്രിസ്തുവിന്റെ മണവാട്ടി
   - C. എബ്രായർ 12:22-23. ദൈവത്തിന്റെ പട്ടണം - സീയോൻ പർവ്വതം
   - D. 1 തിമൊഥി 3:15 സത്യത്തിന്റെ തൂണും ആലയത്തിന്റെ അടിസ്ഥാനവും.

# ദൈവസഭ

## (ബൈബിൾ പഠന ഉപപാഠം)

**സഭ ദൈവത്തിന്റെ വിശുദ്ധ സ്ഥാപനം ആകുന്നു.**

സഭയുടെ പ്രാവർത്തികമായ സത്യങ്ങൾ ദൈവത്തിന്റെ ഹിതവും, ഉദ്ദേശവും ഈ ജീവിതത്തിൽ നമുക്ക് പ്രകാശിപ്പിച്ച് തരുമ്പോൾ സമൂഹത്തിൽ മതസ്ഥാപനങ്ങളുടെ വഞ്ചന ഏറെക്കുറെ വെളിപ്പെടും. വിവിധ മതങ്ങൾകൊണ്ടും സഭയുടെ വ്യത്യസ്ത വിശ്വാസക്രമങ്ങൾ കൊണ്ടും ലോകം കവിഞ്ഞൊഴുകുകയാണ്. അതിനാൽ അനേകരും “നിങ്ങളുടെ ഇഷ്ടത്തിന് തെരഞ്ഞെടുക്കുന്ന സഭയിൽ പോകുക” എന്ന തത്വം സ്വീകരിക്കുമ്പോൾ; “ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്”. (മത്തായി 7:13-14) എന്ന് ബൈബിൾ പഠിപ്പിക്കുന്നു.

**സഭയുടെ നിർവ്വചനം**

ബൈബിളിൽ സഭയെക്കുറിച്ചുള്ള ആദ്യത്തെ സൂചന മത്തായി 16:18 ൽ കാണുന്നു. “ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല”. ഇവിടെ സഭ എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് “വിളിച്ചു വേർതിരിക്കുക” എന്ന് അർത്ഥം വരുന്ന എക്ലിസിയ എന്ന ഗ്രീക്കുപദമാണ്. അപ്പൊസ്തലന്മാരുടെ പ്രവർത്തികൾ 2:47ൽ “കർത്താവ് രക്ഷിക്കപ്പെടുന്നവരം ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരിക്കുന്നു എന്നതാണ് തിരുവചനത്തിൽ രണ്ടാമത് സഭ എന്ന് ഉപയോഗിച്ചിരിക്കുന്നത്. സഭ എന്നത് ഒരു കെട്ടിടമോ ആരാധനയ്ക്കായി കൂടിവരുന്ന സ്ഥലമോ അല്ല. സഭ പാപത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ടവരുടെ സമൂഹമാണ്. ദൈവത്തിന്റെ യഥാർത്ഥ ജനം പാപം, ലോകം, മതങ്ങൾ മുതലായവയിൽ നിന്ന് വിളിച്ച് വേർതിരിക്കപ്പെട്ടവർ ആകുന്നു. അവർ ദൈവവുമായുള്ള കൂട്ടായ്മയിൽ ആത്മാവിൽ ഐക്യപ്പെട്ട് ദൈവവചനത്തിൽ വിശ്വസിച്ച് നടക്കുന്നവർ ആയിരിക്കും.



**വിശുദ്ധ സ്ഥാപനം**

***സഭ എന്നത് ഒരു കെട്ടിടം അല്ല. സഭ പാപത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ടവരുടെ സമൂഹമാണ്.***

**ശരിയായ അംഗത്വം**

ആരാധനയിൽ സംബന്ധിക്കുന്നതിനാലോ, സഭാരജിസ്റ്ററിൽ പേര് എഴുതപ്പെട്ടതുകൊണ്ടോ അല്ല സ്നാനത്തിന്റെ സർട്ടിഫിക്കേറ്റ് ഉള്ളതിനാലോ ഒന്നും സഭയിൽ അംഗത്വം ലഭിക്കുന്നില്ല. “ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറേയായി വച്ചിരിക്കുന്നു” (1 കൊരിന്ത്യർ 12:18). യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെട്ട് പാപത്തിൽ നിന്നും വേർപെട്ട് വീണ്ടും ജനിക്കുമ്പോൾ ആകുന്നു ദൈവസഭയിൽ അംഗമാകുന്നത്. സഭയിലെ എല്ലാ അംഗങ്ങളും പാപത്തിൽ നിന്നും സ്വതന്ത്രമായി ജീവിക്കുന്നു.

**യേശു ഏകവാതിൽ ആകുന്നു.**

നമുക്ക് സഭയിലേക്ക് പ്രവേശിക്കാനുള്ള ഏകവാതിൽ യേശു ആകുന്നു. കാരണം യേശുവിനു മാത്രമേ പാപങ്ങളെ ക്ഷമിക്കുവാൻ കഴിയുകയുള്ളൂ. “ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും” (യോഹന്നാൻ 10:9). അധികാരത്തോടു കൂടിയ സംഘടനയോ, പുരോഹിതനോ, ബിഷപ്പോ, ശുശ്രൂഷകനോ ഇപ്പോൾ ഇല്ല. അതിനാൽ ആർക്കും നമ്മെ സഭയിൽ ഉൾപ്പെടുത്തുവാനോ പുറത്താക്കുവാനോ കഴിയുകയില്ല. സഭയിലെ അംഗത്വം ജീവപുസ്തകത്തിൽ എഴുതി (ഫിലിപ്പിയർ 4:30) സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നു (ലൂക്കോസ് 10:20). ദൈവം ഓരോ ജീവിതത്തെയും ഹൃദയത്തെയും അറിയുന്നതിനാൽ അവിടുത്തെ സഭയുടെ അംഗത്വം കൃത്യവും ഏറ്റവും പുതിയതും ആയിരിക്കും.

**യേശു സ്ഥാപകൻ ആകുന്നു.**

സഭ സ്ഥാപിച്ചതും പണിയുന്നതും യേശുക്രിസ്തു തന്നെയാണ്. “ഞാൻ എന്റെ സഭയെ പണിയും” (മത്തായി 16:18). ഏതെങ്കിലും മതസംഘടനകൾ അവരുടെ സ്ഥാപകനായി ഒരു മനുഷ്യനെ ചൂണ്ടിക്കാണിച്ചാൽ അത് സത്യമായത് അല്ല. ഏകദേശം എ.ഡി.30ൽ ഈ ഭൂമിയിൽ മനുഷ്യനല്ല, യേശു തന്റെ സഭ സ്ഥാപിച്ചു (എബ്രായർ 18:1-2). അവിടുന്ന് മരിച്ച് ഉയർത്തെഴുന്നേറ്റ്, സ്വർഗ്ഗാരോഹണം ചെയ്ത് വിശ്വാസികൾക്കു ഒരു വിശുദ്ധജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവിനെ അയയ്ക്കുകയും ചെയ്തു.

**അടിസ്ഥാനം ക്രിസ്തു.**

യേശു ആകുന്നു വിശുദ്ധ സ്ഥാപനത്തിന്റെ അടിസ്ഥാനം. ''യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമില്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല'' (കൊരിന്ത്യർ 3:11). ദൈവശ്വാസീയമായ തിരുവചനം മാത്രമാണ് ദൈവസഭയ്ക്കുള്ള ഏകവിശ്വാസ പ്രമാണം (2 തിമൊഥയോസ് 3:16-17). മനുഷ്യന്റെ പാരമ്പര്യങ്ങൾ, സമ്പ്രദായങ്ങൾ, മതതത്വങ്ങൾ എന്നിവയെക്കാൾ എല്ലാം പ്രഥമപ്രാധാന്യം തിരുവചനത്തിനാണ്. തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റിയോ, ബിഷപ്പുമാരോ ശുശ്രൂഷകന്മാരോ അല്ല ദൈവസഭയുടെ ചട്ടക്കൂട് രൂപകല്പന ചെയ്യുന്നത്. ദൈവം തന്റെ വചനം പരിശുദ്ധാത്മാവിനാൽ മുന്നമേ നമുക്ക് ജീവിക്കുവാൻ നല്കിയിരിക്കുന്നു.

**ക്രിസ്തുവിന് പകരമായി ഒന്നും ഇല്ല.**

യേശു സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിനും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു (കൊലോസ്യർ 1:18). ക്രിസ്തുവിന് പകരമായി മറ്റൊന്ന് സ്വർഗ്ഗത്തിലോ ഭൂമിയിലോ ഇല്ല. എല്ലാത്തിന്റെയും തല യേശു ആകുന്നു. യഹോവ നമ്മുടെ ന്യായാധിപൻ; യഹോവ നമ്മുടെ ന്യായദാതാവ്; യഹോവ നമ്മുടെ രാജാവ്; അവൻ നമ്മെ രക്ഷിക്കും (യെശയ്യാവ് 33:22). യേശു നമ്മുടെ പ്രാണന്റെ ബിഷപ്പ് ആയതിനാൽ ദൈവസഭയിൽ ഒരു ബിഷപ്പിന്റെയോ, മേലുദ്യോഗസ്ഥന്റെയോ തെരഞ്ഞെടുപ്പിന്റെ ആവശ്യം ഇല്ല.

**ദൈവത്താൽ നിയമിക്കപ്പെട്ട നായകന്മാർ.**

ദൈവത്തിന്റെ സഭയിൽ തന്റെ ഇഷ്ടപ്രകാരം അംഗങ്ങളെ വച്ചിരിക്കുന്നു (1 കൊരിന്ത്യർ 12:18). ദൈവം സഭയ്ക്ക് നല്കിയിരിക്കുന്ന ദാനങ്ങൾ (എഫെസ്യർ 4:11-13) ദൈവേഷ്ടം അനുസരിച്ച് പരിശുദ്ധാത്മാവ് സംയോജിപ്പിക്കുന്നു. അതുകൊണ്ട് മനുഷ്യൻ പലപ്പോഴും ദൈവീക നിയമനത്തിന്റെയും നിയന്ത്രണത്തിന്റെയും ഈ സ്ഥാനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നു. സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങൾ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുവാൻ കാത്തിരിക്കുന്നു. അഭിഷേകവും നായകത്വവും ലഭിക്കുന്നത് വിദ്യാഭ്യാസം കൊണ്ടോ, സെമിനാരിയിൽ നിന്നോ, ബന്ധപ്പെട്ട അധികാരികളിൽ നിന്നോ അല്ല, പിന്നെയോ, ദൈവവിളിയോടുള്ള സമർപ്പണത്താലത്രേ.



*കമ്മറ്റികളോ തെരഞ്ഞെടുപ്പുകളോ അല്ല ദൈവസഭയുടെ സംഘാടകർ. അത് പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നു.*

**ദൈവം തന്നെ സഭയെ നാമകരണം ചെയ്തിരിക്കുന്നു.**

വിവരണാത്മകമായ വിവിധ പേരുകൾ സഭകൾക്കും മതസ്ഥാപനങ്ങൾക്കും നല്കുന്നുണ്ട് എന്നിരുന്നാലും തന്റെ ജനത്തിന് ദൈവം നേരത്തെതന്നെ ഒരു പേര് നല്കിയിട്ടുണ്ട്. ''അതുനിമിത്തം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേരുവരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു'' (എഫേസ്യർ 3:14-15). പിതാവിന്റെ പേരല്ലാതെ മറ്റ് പേരുകൾ ആത്മീത കുടുംബത്തിന് നല്കുന്നത് നിന്ദ്യമാണ്. ശുശ്രൂഷകന്മാർ ദൈവത്തിന്റെ സഭയെ മേയിക്കുവാൻ ദൈവവചനം ഉപദേശിക്കുന്നു. (അപ്പൊസ്തലന്മാരുടെ പ്രവർത്തികൾ 20:28). സത്യസഭയുടെ ബൈബിൾ നാമം ദൈവസഭ എന്നാണ്. വിശ്വാസികളുടെ പ്രാദേശികകൂട്ടായ്മകളെയും ദൈവസഭ എന്ന് പരാമർശിച്ചിരിക്കുന്നു (1 കൊരിന്ത്യർ 1:1). പേര് വച്ചതുകൊണ്ട് മാത്രം ആരും രക്ഷിക്കപ്പെടുകയില്ല. എങ്കിലും ദൈവം നല്കിയിരിക്കുന്ന പേര് ദൈവസഭ എന്നാണ്.

**സഭ ഒന്നുമാത്രം**

സകല സഭകളും മതങ്ങളും നിലനില്ക്കുമ്പോൾ ദൈവത്തിന് ഒരു സഭ മാത്രമേ ഉള്ളൂ 'ദൈവസഭ'. സഭ ക്രിസ്തുവിന്റെ ശരീരമായി പരിഗണിച്ചിരിക്കുന്നു (എഫേസ്യർ 1:22-23). ''ശരീരം ഒന്നും അതിന് അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും (1 കൊരിന്ത്യർ 12:12). ക്രിസ്തുവിന്റെ മണവാട്ടിയായും സഭയെ പരാമർശിക്കുന്നു (2 കൊരിന്ത്യർ 11:2). ദൈവത്തിന് ബഹുപത്നികൾ ഇല്ല അവിടുത്തേയ്ക്ക് ഒരു മണവാട്ടി - ഒരു സഭ.

ഓരോ വായനക്കാരനും ദൈവത്തിന്റെ സഭയെയും മനുഷ്യന്റെ സഭയെയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാൻ ഇടയാകട്ടെ. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞരിക്കുവാൻ പാടില്ലാത്തതു പോലെയാണ് ദൈവത്തിന്റെ സഭയും (മത്തായി 5:14). അത് മനുഷ്യനിർമ്മിത മതങ്ങളുടെ ഉപദേശങ്ങളുടെ ചതുപ്പിലും കുഴപ്പങ്ങളിൽ നിന്നും ഉയർന്നിരിക്കുന്നു. ദൈവത്തിന്റെ സഭ ശുദ്ധവും, വിശുദ്ധവും, മലിനപ്പെടാത്തതും, സത്യവുമാണ്. ക്രിസ്തു സ്ഥാപകനും നായകനും, ന്യായദാതാവും രക്ഷകനുമാണ്.

## ചോദ്യവും ഉത്തരവും

### ഞാൻ കൂട്ടായ്മ ആചരിക്കുന്നത്

# അസത്യ സഭയിലോ?

**ചോദ്യം:** ഞാൻ പോകുന്ന സഭയിൽ ബൈബിൾ സത്യങ്ങൾ പൂർണമായും പഠിപ്പിക്കുന്നില്ല. ഞാൻ എന്തു ചെയ്യണം?

**ഉത്തരം:** ഇതേ സാഹചര്യത്തിലുള്ള ധാരാളം ആളുകൾക്ക് വളരെ സൂക്ഷ്മമായ ഉത്തരം ലഭിക്കേണ്ടതും ഗൗരവും ഘനവുമുള്ള ഒരു ചോദ്യമാണ് ഇത്. ദൈവസഭ വിശുദ്ധമാണ് എന്നത് പ്രധാനമായും മനസ്സിലാക്കേണ്ടിയിരിക്കുന്നു. യേശുക്രിസ്തുവിൽക്കൂടി പാപങ്ങൾ ക്ഷമിക്കപ്പെട്ടവർ എല്ലാം സഭയുടെ അംഗങ്ങൾ ആകുന്നു (അ.പ്ര.2:47).

ഏതെങ്കിലും നാമത്തിൽ എവിടെയെങ്കിലും കൂട്ടായ്മ കൂടിയെന്നുവച്ച് അവർ സത്യസഭയിൽ ഉൾപ്പെടുന്നില്ല. ലോകത്തിൽ എവിടെ നിന്ന് ആയാലും ആര് പാപങ്ങളിൽ നിന്ന് മോചിപ്പിക്കപ്പെട്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നുവോ അവർ സഭയിൽ ഉൾപ്പെടുന്നു. അവർ ഒരു സമൂഹമായി അറിയപ്പെടുന്നു. പക്ഷേ ദൈവം അംഗീകരിക്കുന്നത് അതല്ല. സഭയിൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന് ഒരുവൻ അറിഞ്ഞാലും ഇല്ലെങ്കിലും അവന്റെ ഹൃദയത്തിന്റെ അവസ്ഥയും ജീവിതവുമാണ് ദൈവം കണക്കാക്കുന്നത്.

എല്ലാ സത്യവും പഠിപ്പിക്കാത്ത ഒരു സ്ഥാപനമോ സഭയോ മനുഷ്യരുടെ ആത്മാക്കൾക്ക് ആപത്താണ്. യഥാർത്ഥ അനുതാപം ഉണ്ടെങ്കിൽ പ്രസംഗങ്ങളിൽ ജനം രക്ഷിക്കപ്പെടും എന്നത് സത്യം തന്നെയാണ്. പക്ഷേ തെറ്റായി പഠിപ്പിക്കുന്ന കൂട്ടായ്മയിൽ തുടർന്നാൽ രക്ഷിക്കപ്പെട്ട് നിലനില്ക്കുവാൻ കഴിയാത്ത ആത്മവഞ്ചന ആയിത്തീരും. തെറ്റ് പഠിപ്പിച്ചുകൊണ്ട് ദൈവവചനവുമായി അനുരഞ്ജനപ്പെട്ടു പോകുവാൻ കഴിയുമോ എന്ന ചോദ്യം ഉദിക്കാതെ ആ സഭ ദൈവദൃഷ്ടിയിൽ വീണു പോയതുതന്നെ. തിരുവചനത്തിൽ ഇങ്ങനെയുള്ള സഭകളെ ബാബിലോൺ അഥവാ കലക്കം എന്ന് പറഞ്ഞിരിക്കുന്നു. അവയെ വെളിപാടു പുസ്തകത്തിൽ വേശ്യകൾ എന്ന് പ്രതീകാത്മകമായി വിളിച്ചിരിക്കുന്നു. അവർ ദൈവാത്മാവിനാൽ നയിക്കപ്പെടുവാൻ അനുവദിക്കുകയില്ല. എഴുതപ്പെട്ട പ്രമാണമാണ് ബൈബിളിനെക്കാൾ അവർക്ക് മുഖ്യം. ശുശ്രൂഷകന്മാരുടെ കൗൺസിൽ പരിശുദ്ധാത്മാവിന്റെ



സ്ഥാനം ഏറ്റെടുക്കുന്നു. ആ സമ്പ്രദായം തെറ്റും, ദൈവത്തിന്റെ അംഗീകാരം അതിന്മേൽ ഇല്ലാത്തതും ആകുന്നു. വചനം പറയുന്നത് എന്റെ ജനമായുള്ളോരേ അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിക്കുവിൻ അവളെ വിട്ടുപോരുവിൻ (വെളിപാട്.18:4). ജാതികളിൽ എന്നതുപോലെ സാത്താൻ, യഥാർത്ഥ ക്രിസ്ത്യാനിത്വത്തിനും വ്യാജമായ പഠിപ്പിക്കൽ നേരിട്ടുള്ള പീഡനം മുതലായവ വഴി വളരെ ദോഷം ചെയ്തിട്ടുണ്ട്. പൂർണമായും ബൈബിളിന് വിപരീതമായി പഠിപ്പിക്കുന്ന മതങ്ങളെക്കാൾ സത്യാന്വേഷികൾക്ക് അപകടകാരിയാണ് ഭാഗീകമായി സത്യങ്ങൾ പഠിപ്പിക്കുന്ന സഭകൾ. ഭാഗീകമായി പഠിപ്പിക്കുമ്പോൾ ശത്രുവിന് പ്രവർത്തിക്കുവാനുള്ള മണ്ഡലം ഒഴിച്ചിടുകയാണ് ചെയ്യുന്നത്. വ്യാജപ്രവാചകന്മാരിൽ നിന്നും, വ്യാജമായ മാനുഷിക സ്ഥാപനങ്ങളിലെ കൂട്ടായ്മകളിൽ നിന്നും സത്യവിശ്വാസികളുടെ കൂട്ടായ്മയാൽ ക്രിസ്തുവിന്റെ ശരീരത്തിലേയ്ക്കും - ദൈവസഭയിലേയ്ക്കും കർത്താവ് നമ്മെ വേർതിരിക്കും.

സത്യം പഠിപ്പിക്കാത്തതിനാൽ അനേകം സഭകളുടെ വ്യവസ്ഥയും അടിസ്ഥാനവും തെറ്റാണ്. എന്നാൽ നിഷ്കളങ്കരായ അനേകർ ഇവിടെ ഉണ്ടെന്നുള്ളതും മനസ്സിലാക്കേണ്ട പ്രധാന കാര്യമാണ്. അവർ ദൈവമുമ്പാകെ വിശുദ്ധിയോടെ ജീവിക്കുന്നതിനാൽ മരണാനന്തരം സ്വർഗ്ഗത്തിൽ പോകും. എന്നാൽ ആരെങ്കിലും പൂർണ്ണമായ സത്യത്തെ പഠിപ്പിക്കാതെ തുടർന്നുപോന്നാൽ വിദൂര ഭാവിയിൽ ദോഷം വരുത്തും. അവസാനം അവർ ഒരു നാല്ക്കവലയിൽ വന്നിട്ട് എന്നതുപോലെ "ഞാൻ ഈ തെറ്റായ പഠിപ്പിക്കലിൻ കീഴിൽ തന്നെ നില്ക്കണമോ? അതോ ശരിയായത് പഠിപ്പിച്ചുകൊണ്ട് കർത്താവുമായി ഒത്തുപോകണമോ? എന്ന് ചോദിക്കും".

ഈ ചോദ്യം എങ്ങനെ ഒരുവനിൽ പരിവർത്തിക്കുന്നുവോ അതിനനുസരിച്ച വ്യത്യാസം അയാളുടെ നിത്യതയിൽ ഉണ്ടാകും. ആളുകൾ തെറ്റിന് എതിരെ ക്ഷമയോടെ നടപടികൾ സ്വീകരിച്ച് ഐക്യത, വിശ്വാസം, ആത്മാവ് എന്നിവയുടെ കൂട്ടായ്മയിലേക്ക് വരണം.

തെറ്റായ മതത്തിൽ ആയിരിക്കുന്നവർക്കു ശരിയായതും സത്യമായതും തെരഞ്ഞെടുക്കുവാൻ വേണ്ട ധൈര്യവും അധികം വിവേകവും കൃപയും കർത്താവ് നല്കട്ടെ ആമേൻ.

MWS

Printed matter only
**MALAYALAM EDITION**



**നിങ്ങൾക്ക് അറിയാമോ?**

**അപ്പൊസ്തലനായ പത്രോസിനെക്കുറിച്ചുള്ള വിവരണങ്ങൾ**

- അവന്റെ പേര് യോനായുടെ മകനായ ശീമോൻ എന്നായിരുന്നു. യേശു അത് പാറ എന്ന അർത്ഥം വരുന്ന കേഫാ (പത്രോസ്) എന്ന പുതിയനാമം നല്കി.
- അവൻ ഗലീല കടലിന് സമീപമുള്ള ബത്സയ്ദയിൽ ജനിച്ച്, തൊഴിൽ സംബന്ധമായി മുക്കുവൻ ആയിരുന്നു.
- പത്രോസ് ആദ്യത്തെ പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരുവനും വിവാഹിതനും ആയിരുന്നു.
- പത്രോസിന്റെ സഹോദരൻ അന്ത്രയോസ് ആദ്യം സ്നാപക യോഹന്നാന്റെ ശിഷ്യനും പിന്നീട് യേശുവിന്റെ ആദ്യത്തെ അപ്പൊസ്തലനുമായി.
- എ.ഡി. 64ൽ റോമർ ചക്രവർത്തി നീറോയുടെ കാലത്ത് പത്രോസ് മരിച്ചു. ക്രൂശിൽ യേശു മരിച്ചതു പോലെ മരിക്കുവാൻ താൻ യോഗ്യനല്ല എന്ന് നിരൂപിച്ചതുകാരണം തലകീഴായി അവൻ ക്രൂശിൽ മരിച്ചു.

തക്കസമയത്ത് പറഞ്ഞ വാക്ക്

# യഹോവ –നിസ്സി– യഹോവ എന്റെ കൊടി

പുറപ്പാട് 7:15 പിന്നെ മോശെ ഒരു യാഗപീഠം പണിതു, അതിനു യഹോവ-നിസ്സി (യഹോവ എന്റെ കൊടി) എന്നു പേരിട്ടു.

മോശെയുടെ കൈ ഉയർന്നിരുന്ന സമയമെല്ലാം അമാലേക്ക്യരുമായുള്ള യുദ്ധത്തിൽ യിസ്രായേൽ ജയിച്ചു. മോശെയുടെ കൈയ്ക്കു ഭാരം തോന്നിയപ്പോൾ അഹരോനും, ഹൂരും ഇരുവശത്തും നിന്ന് മോശെയുടെ കൈകൾ ഉയർത്തിപ്പിടിച്ചു. ദൈവം അവർക്കു ശത്രുവിന്റെ മേൽ ജയം നൽകി. അതിന്റെ ഓർമ്മക്കായി മോശെ ഒരു യാഗപീഠം പണിത് അതിന് ‘‘യഹോവ എന്റെ കൊടി’’ എന്ന അർത്ഥത്തിൽ യഹോവ-നിസി എന്ന് പേരിട്ടു.



പല ആവശ്യങ്ങൾക്കും സൈന്യം കൊടി ഉപയോഗിക്കുന്നു. യോദ്ധാക്കളെ തിരിച്ചറിയുവാനും, അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനും, വിജയം ആഘോഷിക്കുന്നതിനുമെല്ലാം കൊടി ഉപയോഗിക്കുന്നു. വ്യക്തികളായി യുദ്ധം ചെയ്യുന്നതിനു പകരം യഹോവയുടെ നിർദ്ദേശപ്രകാരം സംഘടിതമായിട്ടായിരുന്നു യിസ്രായേൽ യുദ്ധം ചെയ്തിരുന്നത്. യഹോവ ആയിരുന്നു അവരുടെ കൊടി. യിസ്രായേൽ കീഴടക്കിയത് യഹോവയുടെ നാമത്തിൽ ആയിരുന്നു.

ചില സമയം യുദ്ധത്തിന്റെ പുക പൊടിപടലവും ആകാശവുമെല്ലാം ജനത്തിന്റെ കാഴ്ച മറയ്ക്കും. ഇത് ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന ആത്മീയപോരാട്ടത്തിലും ശരിയാണ്. ചുറ്റുപാടുകൾ നോക്കിയാൽ നാം കാണുന്നതെല്ലാം ധൈര്യം ക്ഷയിപ്പിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതുമായ കാഴ്ചകൾ ആകാം. കൊടിക്കു ചുറ്റും അണി നിരക്കുവാൻ നാം നിർബന്ധമായും നോക്കണം. ക്രിസ്തു ആകുന്നു നമ്മുടെ കൊടി (യെശയ്യാവ് 11:10) അവിടുത്തോട് ഒത്തുചേർന്നാണ് നാം പ്രവർത്തിക്കുന്നതും, അദ്ധ്വാനിക്കുന്നതും, പരിത്യാഗം ചെയ്യുന്നതുമെല്ലാം. യഹോവ നമ്മുടെ കൊടി എന്നതിൽ അടിസ്ഥാനം ഉറപ്പിച്ച്, യഹോവയിൽ ലക്ഷ്യവും നവീകരണവും ജയവും കാണുക.

MWS


**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര – 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.


Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**